പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 456 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യ്ക്കുള്ള ഡീസൽ വിലയിലെ വർദ്ധന

ചോദ്യം

ശ്രീ. റ്റി. വി. രാജേഷ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ വൻകിട ഉപയോക്താക്കളുടെ പട്ടികയിൽ പെടുത്തി കേന്ദ്ര സർക്കാർ ഡീസൽ സബ്സിഡി ഇല്ലാതാക്കിയതോടെ കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര തുകയാണ് പ്രതിദിനം അധിക ബാദ്ധ്യത വരുന്നത് ; വിശദാംശം നൽകുമോ ; | (എ) | പ്രതിദിനം 47 ലക്ഷം രൂപയുടെ ബാദ്ധ്യതയാണ് കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുള്ളത്. |
| (ബി) | ഭീമമായ ഡീസൽ വിലവർദ്ധന സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനത്തെ തകർക്കുമെന്നതിനാൽ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | ഈ പ്രതിസന്ധിക്ക് താൽക്കാലിക പരിഹാരമായി സർക്കാർ രണ്ട് മാസത്തേക്ക് 28 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. കെ. എസ്.ആർ.ടി.സി.യെയും മറ്റ് പൊതുമേഖലാസ്ഥാപനങ്ങളെയും ഡീസൽ വില വർദ്ധനവിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക വകുപ്പ് മന്ത്രിയ്ക്കും, ബഹു. മുഖ്യമന്ത്രി 19.01.2013 -ൽ നിവേദനം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പമ്പുകളിൽ നിന്നും, സ്വകാര്യ പമ്പുകളിൽ നിന്നും, കെ.എസ്.ആർ.ടി.സി. ബസുകളിൽ ഡീസൽ നിറയ്ക്കുന്നതിലെ പ്രായോഗികത പരിശോധിച്ച് ശുപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാൻ, സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എത്ര ഷെഡ്യൂൾ കെ. എസ്.ആർ.ടി.സി. നിർത്തലാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ? | (സി) | ഇതുമായി ബന്ധപ്പെട്ട് ഷെഡ്യൂളുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ